REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 16-04-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ലഹരിക്കെതിരായ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ മതമേലധ്യക്ഷൻമാരുമായി ഓൺലൈൻ ചർച്ച ആരംഭിച്ചു.**
- **മുണ്ടക്കൈ ചൂരൽമല മാതൃകാ ടൗൺഷിപ്പ് പദ്ധതിക്ക് തുടക്കമായി.**
- **മുനമ്പം സംഘർഷത്തിൽ നിന്ന് രാഷ്ട്രീയലാഭത്തിന് LDF ഉം, പിന്നിൽ നിന്ന് കുത്താൻ BJP യും ശ്രമിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും.**
- **സ്വർണവിലയിൽ വീണ്ടും കുതിപ്പ്- പവന് 70,520 രൂപ**

## വാർത്തകൾ വിശദമായി

ലഹരിക്കെതിരായ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ മതമേലധ്യക്ഷൻമാരുമായി ഓൺലൈൻ ചർച്ച ആരംഭിച്ചു. വൈകിട്ട് മൂന്നരയ്ക്ക് സർവ്വകക്ഷിയോഗവും ചേരും. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നാണ് രണ്ട് യോഗങ്ങളും ഓൺലൈനിൽ ചേരുന്നത്.

✪✪✪

മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതർക്ക് ഗവൺമെന്റ് നിർമ്മിച്ചു നൽകുന്ന മാതൃകാ ടൗൺഷിപ്പ് പദ്ധതിക്ക് തുടക്കമായി. ടൗൺഷിപ്പിലെ മാതൃകാ വീടിന്റെ നിർമാണമാണ് രാവിലെ ആരംഭിച്ചത്. നാല് ക്ലസ്റ്ററുകൾ തിരിച്ചായിരിക്കും നിർമാണ പ്രവൃത്തികൾ.

കൂടുതൽ വിവരങ്ങളുമായി വയനാട് പ്രതിനിധി അരുൺ വിൻസെന്റ്.

.....(വോയ്സ്).......

✪✪✪

പുനരധിവാസടൗൺഷിപ്പ് നിർമ്മാണത്തിന് സംസ്ഥാനഗവണ്മെന്റ് ഏറ്റെടുത്ത എൽസ്റ്റൻ എസ്റ്റേറ്റിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ശനിയാഴ്ച വീണ്ടും ചർച്ച നടത്തും. കലക്ടർ DR മേഘശ്രീയുടെ നേതൃത്വത്തിലായിരിക്കും ചർച്ച. ബൈപ്പാസ് റോഡിൽ തൊഴിലാളികൾ പന്തൽ കെട്ടി സമരം തുടങ്ങിയ പശ്ചാത്തലത്തിലാണ് ചർച്ച.

✪✪✪

മുനമ്പത്ത് സംഘർഷമുണ്ടാക്കി രാഷ്ട്രീയലാഭത്തിന്  LDF ഉം, പിന്നിൽ നിന്ന് കുത്താൻ BJP യും ശ്രമിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. ഭൂമി കൊടുത്തവരും വാങ്ങിച്ചവരും മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന് സമ്മതിച്ചപ്പോൾ തന്നെ പ്രശ്നങ്ങൾ പരിഹരിക്കാമായിരുന്നു. എന്നാൽ പ്രശ്നം വഷളാക്കാനാണ് CPIM ഉം, BJP യും ശ്രമിച്ചതെന്നും, കേന്ദ്ര ഗവൺമെന്റിന്റെ വഖഫ് നിയമം കൊണ്ട് ഒരു ഗുണവും  ഉണ്ടാകില്ലെന്നും സതീശൻ മാധ്യമങ്ങളോടു പറഞ്ഞു.  വഖഫ് ഭൂമിയല്ലെന്ന നിലപാട് ആദ്യമെടുത്തത് കോൺഗ്രസ് ആണെന്ന്  VD സതീശൻ അവകാശപ്പെട്ടു.

ആരോപണ വിധേയനായ പ്രിൻസിപ്പൽ സെക്രട്ടറി കിഫ്ബിയുടെ തലപ്പത്തിരിക്കുന്നത് ശരിയല്ലെന്നും പ്രതിപക്ഷ നേതാവ് പ്രതികരിച്ചു. മുഖ്യമന്ത്രി ഭരിക്കുന്ന ആഭ്യന്തരവകുപ്പിൽ പ്രിൻസിപ്പൽ സെക്രട്ടറിയെയും ADGP യെയും കുറ്റവിമുക്തരാക്കുന്നതിൽ അത്ഭുതമില്ലെന്നും VD സതീശൻ പറഞ്ഞു.

✪✪✪

മുനമ്പം വിഷയത്തിൽ  നിയമ പോരാട്ടവുമായി മുന്നോട്ട് പോകുമെന്ന് സിറോ മലബാർ സഭ പ്രതിനിധി ഫാദർ ആന്റണി വടക്കേക്കര പറഞ്ഞു.  പ്രശ്നം പരിഹരിക്കാത്തതിൽ ആശങ്കയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

വഖഫ് ഭേദഗതി നിയമത്തിനെതിരായ ഹർജികൾ ഉച്ചകഴിഞ്ഞ് സുപ്രീം കോടതിയുടെ  പരിഗണനയ്ക്കെത്തും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ നേതൃത്വത്തിൽ മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്.

പത്തിലേറെ ഹർജികൾ കോടതിയുടെ പരിഗണനയ്ക്കെത്തിയിട്ടുണ്ട്. BJP ഭരിക്കുന്ന ആറ് സംസ്ഥാന ഗവൺമെന്റുകൾ ഭേദഗതി നിയമം റദ്ദാക്കുന്നതിനെതിരെയും ഹർജി നൽകി.

✪✪✪

വഖഫ് നിയമഭേദഗതിക്കെതിരെ മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന റാലി വൈകിട്ട് കോഴിക്കോട്ട് കടപ്പുറത്ത് നടത്തും.

ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ റാലി ഉദ്ഘാടനം ചെയ്യും. പഞ്ചാബ് കോൺഗ്രസ് പ്രസിഡന്റും ലോക്സഭാംഗവുമായ അമരീന്ദർ സിംഗ് രാജാ വാറിംഗ് മുഖ്യാതിഥിയായിരിക്കും.

റാലിയെ തുടർന്ന് കോഴിക്കോട് നഗരത്തിൽ ഉച്ച കഴിഞ്ഞ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് മുസ്ലീം ലീഗ് മതരാഷ്ട്രീയവാദികളുമായി കൈകോർക്കുകയാണെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ ആരോപിച്ചു. SDPI യുമായും ജമാഅത്തെ ഇസ്ലാമിയുമായും ലീഗ് കൂട്ടുകൂടുന്നത് ഇതിന്റെ ഭാഗമാണെന്നും അദ്ദേഹം മലപ്പുറത്ത് കുറ്റപ്പെടുത്തി. നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് സംസ്ഥാന ഗവൺമെന്റിന്റെ വിലയിരുത്തൽ ആകില്ലെന്നും TP രാമകൃഷ്ണൻ അറിയിച്ചു.

✪✪✪

അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട ആരോപണത്തിൽ ADGP M.R അജിത് കുമാറിന് സംസ്ഥാന ഗവൺമെന്റ് ക്ലീൻ ചിറ്റ് നൽകി. MR അജിത്കുമാറിനെ കുറ്റവിമുക്തനാക്കിയ വിജിലൻസ് റിപ്പോർട്ട് മുഖ്യമന്ത്രി അംഗീകരിച്ചു. ഇന്നലെ കണ്ണൂരിൽ നിന്നെത്തിയ ശേഷം മുഖ്യമന്ത്രി ഫയലിൽ ഒപ്പിട്ടു.

P.V അൻവർ ഉന്നയിച്ച ആരോപണങ്ങളിലായിരുന്നു അജിത് കുമാറിനെതിരെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം നടന്നത്. അജിത് കുമാർ അനധികൃത സ്വത്ത് സമ്പാദിച്ചിട്ടില്ലെന്നായിരുന്നു വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട്. ഈ റിപ്പോർട്ടിനാണ് മുഖ്യമന്ത്രി അംഗീകാരം നൽകിയത്.

✪✪✪

2023 ലെ സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് സമ്മാനിക്കും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ

വൈകിട്ട് ആറരയ്ക്കാണ് പുരസ്കാര വിതരണം. ചടങ്ങിൽ JC ഡാനിയൽ അവാർഡ് ചലച്ചിത്ര സംവിധായകൻ ഷാജി N കരുണിന് സമ്മാനിക്കും.

✪✪✪

മുതലപ്പൊഴി പൊഴിമുഖത്തെ മണൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് യോഗം ചേരും. പൊഴിമുഖത്തെ മണൽ എത്രയും വേഗം നീക്കണമെന്നാവശ്യപ്പെട്ട് INTUC യുടെ പ്രതിഷേധം പ്രദേശത്ത് ഇന്നും തുടരുകയാണ് .

✪✪✪

KPCC നേതൃയോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. KPCC ഭാരവാഹികളും DCC പ്രസിഡന്റുമാരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. KPCC ആസ്ഥാനത്താണ് യോഗം പുരോഗമിക്കുന്നത് .

അഹമ്മദാബാദ് AICC സമ്മേളനം അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിലെ ഉള്ളടക്കം താഴേത്തട്ടിലെത്തിക്കുന്ന നടപടികളാണ് യോഗം പ്രധാനമായും ചർച്ച ചെയ്യുന്നത്. നിയമസഭ - തദ്ദേശ തിരഞ്ഞെടുപ്പും, വർത്തമാനകാല രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട നിലപാടുകളും യോഗത്തിൽ ചർച്ചയാവും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും. വൈകിട്ട് ഏഴരക്ക് ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കൊല്ലം ഫാത്തിമ മാത നാഷണൽ കോളേജിൽ ഈ മാസം പത്തിന് ആരംഭിച്ച അന്താരാഷ്ട്ര ഫിഡെ റേറ്റഡ് ചെസ് ടൂർണമെന്റ് സമാപിച്ചു. അഞ്ച് ദിവസത്തെ ടൂർണമെന്റിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 400 മത്സരാർഥികൾ പങ്കെടുത്തു. ചണ്ഡിഗഡിലെ ഗുസൈൻ ഹിമൽ ഒന്നാംസ്ഥാനം നേടി. തമിഴ്നാട് സ്വദേശി റാം S. കൃഷ്ണനാണ് രണ്ടാംസ്ഥാനം. മലയാളിയായ അജിൻ രാജ് മൂന്നാംസ്ഥാനം നേടി.

✪✪✪

സ്വർണ്ണവിലയിൽ വീണ്ടും കുതിപ്പ്. ഗ്രാമിന് 95 രൂപ വർധിച്ച് 8,815 രൂപയും പവന് 760 രൂപ കൂടി 70,520 രൂപയുമായി.

✪✪✪

തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് തെക്കേ സ്വരാജ് റൗണ്ടിൽ നിർമ്മിക്കുന്ന പാറമേക്കാവ് ദേവസ്വത്തിന്റെ മണികണ്ഠനാൽ പന്തലിന്റെ കാൽനാട്ടു കർമ്മം നടന്നു.

പൂരവുമായി ബന്ധപ്പെട്ട ആദ്യ ചടങ്ങാണ് പന്തൽ കാൽനാട്ടുകർമ്മം. പാറമേക്കാവ് വിഭാഗത്തിന്റെ പന്തൽ മണികണ്ഠനാലിലും, തിരുവമ്പാടിയുടേത് നടുവിലാലിലും, നായ്ക്കനാലിലും ആണ്. ഇവയുടെ കാൽനാട്ടു കർമ്മം ഈ മാസം 25 നാണ്.

✪✪✪

രാജ്യത്തെ ഏറ്റവും പഴക്കമേറിയ ഫാമുകളിലൊന്നായ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് കരിമ്പം ഫാം ലോകോത്തര നിലവാരത്തിൽ ഫാം ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന് ശ്രമം തുടങ്ങി. ഫാം സന്ദർശന വേളയിൽ മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു താമസിച്ചിരുന്ന ബംഗ്ലാവാണ് ഫാമിന്റെ പ്രധാന ആകർഷണീയത.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ല പ്രതിനിധി K.O ശശിധരൻ

... (വോയിസ്)............

✪✪✪

കോട്ടയം കണമലയിൽ ശബരിമല തീർത്ഥാടകർ സഞ്ചരിച്ച ബസ് മറിഞ്ഞ് കർണ്ണാടക സ്വദേശി മരിച്ചു. ഹങ്കൽ സ്വദേശി മാരുതി ഹരിഹർ എന്നയാളാണ് മരിച്ചത്- അഞ്ച് പേർക്ക് ഗുരുതര പരിക്കേറ്റു. 32 പേർ വാഹനത്തിൽ ഉണ്ടായിരുന്നു. രാവിലെ ആറ് മണിയോടെയാണ് അപകടമുണ്ടായത്.

✪✪✪

സാങ്കേതിക തകരാറുകളെ തുടർന്ന് മുംബെ- തിരുവനന്തപുരം എയർ ഇന്ത്യ വിമാനം തിരിച്ചിറക്കി. മന്ത്രി AK ശശീന്ദ്രൻ ഉൾപ്പെടെ 50 ലേറെ യാത്രക്കാർ വിമാനത്തിലുണ്ടായിരുന്നു.

✪✪✪

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. മീൻപിടുത്തക്കാരും തീരദേശവാസികളും ജാഗ്രത പാലിക്കണം. ബീച്ച്

യാത്രകൾ ഒഴിവാക്കണമെന്നും കടലിൽ ഇറങ്ങരുതെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪

കേരള ഹൈക്കോടതിയുടെ വേനലവധിക്കാല സിറ്റിംഗ് തീയതികൾ പ്രഖ്യാപിച്ചു. അടിയന്തിരമായി പരിഗണിക്കേണ്ട കേസുകൾ ഇന്നും 22, 25, 29 തിയതികളിലും കോടതി കേൾക്കും. മെയ് രണ്ട്, ആറ്, ഒമ്പത്, 13, 16 തിയതികളിലും അവധിക്കാല സിറ്റിംഗ് ഉണ്ടായിരിക്കും. ഇന്നലെ മുതൽ മെയ് 18 വരെയാണ് ഹൈക്കോടതിയുടെ വേനലവധി.

✪✪✪

അതിരപ്പിള്ളിയിൽ ഇന്നലെ കാട്ടാന ആക്രമണത്തിൽ രണ്ടു പേർ മരിച്ച സംഭവത്തിൽ ജനകീയ ഹർത്താൽ തുടരുന്നു. വൈകിട്ട് ആറ് വരെയാണ് ഹർത്താൽ.

✪✪✪

ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ സസ്പെൻഷനിൽ കഴിയുന്ന IAS ഉദ്യോഗസ്ഥൻ N പ്രശാന്തുമായി തിരുവനന്തപുരത്ത് ഇന്ന് കൂടിക്കാഴ്ച നടത്തും. ചീഫ് സെക്രട്ടറിയുടെ ചേംബറിൽ വൈകിട്ടാണ് കൂടിക്കാഴ്ച. അഡീഷണൽ ചീഫ് സെക്രട്ടറി A ജയതിലകനെ സാമൂഹിക മാധ്യമത്തിലൂടെ അവഹേളിച്ച് കുറിപ്പിട്ടെന്ന പരാതിയെ തുടർന്നാണ് പ്രശാന്ത് സസ്പെൻഷനിലായത്. പ്രശാന്തിന്റെ വാദങ്ങൾ കേട്ട ശേഷം സസ്പെൻഷൻ കാര്യത്തിൽ ഗവൺമെന്റ് അന്തിമ തീരുമാനം എടുത്തേക്കും.

✪✪✪

---

.

*News Editor: വി കെ സുരേഷ്*
*News Reader: വി കെ സുരേഷ്*
*News Team:അനിൽ ചന്ദ്രൻ, രജ്ന കെ*
*DEO ഷീബ*